കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ആസ്തിവികസനം-അടൂർ നിയോജക മണ്ഡലം പറക്കോട് മുനിസിപ്പൽ മാർക്കറ്റ് നിർമ്മാണം അടൂർ മുനിസിപ്പാലിറ്റി -ഭരണാനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2176/19/തസ്വഭവ                    തിരുവനന്തപുരം, തീയതി : 03.10.2019

---

പരാമർശം:- 1. 24.10.2017 ലെ സ.ഉ(സാധാ.)നം.3387/2017/തസ്വഭവ .

2. ബഹു. അടൂർ എം.എൽ.എ യുടെ 04/01/2019 ,01/07/2019 എന്നീ തീയതികളിലെ കത്തുകൾ

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15/07/2019 ലെ ഡിബി6/11062/2017/സിഇ/തസ്വഭവ നമ്പർ കത്ത്

<u>ഉത്തരവ്</u>

അടൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ചിറ്റയം ഗോപകുമാർ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും അടൂർ നിയോജക മണ്ഡലം പറക്കോട് മുനിസിപ്പൽ മാർക്കറ്റ് നിർമ്മാണം അടൂർ മുനിസിപ്പാലിറ്റി എന്ന പ്രവൃത്തിയ്ക്ക് 25 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം 1ലെ ഉത്തരവ് പ്രകാരം നല്കിയിരുന്നു. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് പൊതുമരാമത്ത് (ബിൽഡിംഗ്) വകുപ്പാണ്. എന്നാൽ പരാമർശം (1) ഉത്തരവിൽ, പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് കെട്ടിട വിഭാഗത്തെക്കൊണ്ട് ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിരുന്നില്ലെന്നും ആകയാൽ ടി പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി നല്കാൻ ബഹു.അടൂർ എം.എൽ.എ പരാമർശം (2)ലെ കത്തിലൂടെ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു. ടി പ്രവൃത്തിയുടെ നടത്തിപ്പ് അനിശ്ചിതത്വത്തിൽ നിൽക്കുകയാണെന്നും പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് പൊതുമരാമത്ത് കെട്ടിട വിഭാഗമായതിനാൽ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, മറ്റ് അനുബന്ധരേഖകൾ എന്നിവ ടി വകുപ്പിന്റെ കൈവശമാണെന്നും മേൽ രേഖകൾ സർക്കാർ നിർദ്ദേശ പ്രകാരം പൊതുമരാമത്ത് (നിരത്തുകൾ, പാലങ്ങൾ) വകുപ്പിൽ നിന്നും കൈപ്പറ്റി അടിയന്തിരമായി നിർവ്വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നും പരാമർശം (3) ലെ കത്തിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിനെ അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ബഹു എം എൽ എ യുടെ പരാമർശം 2ലെ കത്തുകളുടെയും തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ പരാമർശം 3ലെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അടൂർ നിയോജകമണ്ഡലത്തിലെ പറക്കോട് മുനിസിപ്പൽ മാർക്കറ്റ് നിർമ്മാണം അടൂർ മുനിസിപ്പാലിറ്റി എന്ന പ്രവൃത്തിയുടെ നിർവഹണ ഏജൻസിയായി തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി തുകയിൽ വ്യത്യാസം വരുത്താതെ പരാമർശ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3. പരാമർശം1ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ് സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ശ്രീ. ചിറ്റയം ഗോപകുമാർ  എം.എൽ.എ(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകൾ, പാലങ്ങൾ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സെക്രട്ടറി ,അടൂർ നഗരസഭ
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/24/2019/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ